## തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (എ&റ്റി) നടപടിക്രമം

വിഷയം:- ആവ.ഡ - ശ്രീമതി. ലതാസുകുമാരൻ (നഴ്സിംഗ് ട്യൂട്ടർ) – സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിലെ സീനിയോറിറ്റി സ്ഥാനം പുനർ നിർണ്ണയിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ്

പരാമർശം:-
1. 19.08.2017- ലെ ഇ.ഇ2-35576/2017/ആവഡ നമ്പർ കുറിപ്പ്
2. 19.09.2017 ലെ ഇ.എസ് സെക്ഷനിലെ ഇതേ നമ്പർ നോട്ടീസ്
3. 09.10.17, 31.10.17 ലെ ഇ.എസ് സെക്ഷനിലെ ഇതേ നം. കത്ത്
4. 09.11.2017-ൽ അഡീഷണൽ ഡയറക്ടർ (എ&റ്റി) മുമ്പാകെ നടന്ന ഹിയറിംഗിന്റെ മിനിട്ട്സ്.

### ഉത്തരവ് നം.ഇ.എസ് 3-68612/2017/ആ.വ.ഡ തീയതി 22.11.2017

കോട്ടയം സർക്കാർ നഴ്സിംഗ് സ്കൂളിലെ നഴ്സിംഗ് ട്യൂട്ടർ ശ്രീമതി. ലതാസുകുമാരന്റെ സീനിയോറിറ്റി നിർണ്ണയത്തെ സംബന്ധിച്ച് ശ്രീമതി. ശ്രീലത. കെ.എൻ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ(ഇ.കെ.എം)100/2017 (കെ.എ.റ്റി) നമ്പരായി ഫയൽ ചെയ്ത ഹർജിയിന്മേൽ ഈ ആഫീസിലെ ഇ.ഇ2 സെക്ഷനിലെ കുറിപ്പ് പ്രകാരം ടി ലതാസുകുമാരന്റെ സർവ്വീസ് രേഖകൾ പരിശോധിച്ചതിൽ സീനിയോറിറ്റി നിർണ്ണയത്തിലെ അപാകത കണ്ടെത്തി, ആയത് പരിഹരിച്ച് 19.09.2017-ൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നോട്ടീസിന്മേൽ ടിയാൾ സമർപ്പിച്ച അപ്പീൽ നേരിട്ട് കേൾക്കുന്നതിന് 13.10.2017 തീയതി ഉച്ചയ്ക്ക് ശേഷം 3 മണിക്ക് അഡീഷണൽ ഡയറക്ടർ (എ&റ്റി) മുമ്പാകെ ഹാജരാകാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ടിയാൾ ഹാജരായില്ല. ടിയാളുടെ വാദം നേരിട്ട് കേൾക്കുന്നതിന് ഒരവസരം കൂടി നൽകാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 09.11.2017 രാവിലെ 11.00 മണിക്ക് ഹാജരാകാൻ നിർദ്ദേശിച്ചതനുസരിച്ച് ടിയാൾ ഹാജരാകുകയുണ്ടായി.

കോട്ടയം സർക്കാർ നഴ്സിംഗ് സ്കൂളിൽ നഴ്സിംഗ് ട്യൂട്ടറായി സേവനമനുഷ്ടിച്ചു വരുന്ന ശ്രീമതി. ലതാസുകുമാരൻ ഡി.റ്റി.എ (3)2927/1990/ കെ.പി.എസ്.സി, തിരുവനന്തപുരം തീയതി 20.07.1996 അഡ്വൈസ് പ്രകാരം സ്റ്റാഫ് നഴ്സായി 19.09.1996-ൽ സർവ്വീസിൽ പ്രവേശിക്കുകയും തുടർന്ന് 05.01.1997 മുതൽ 13.09.1998 വരെ ശൂന്യവേതനാവധിയിലുമായിരുന്നു. 14.09.1998-ൽ തിരികെ ജോലിയിൽ പ്രവേശിക്കുകയും 14.09.2000-ൽ പ്രൊബേഷൻ പൂർത്തിയാക്കുകയും ചെയ്തു. അതിനു ശേഷം ഇ.ഇ1-5555/2004/ഡി.എച്ച്.എസ് തീയതി 26.05.2004-ലെ ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിൽ അന്തർ ജില്ലാ സ്ഥലം മാറ്റം വഴി 09.06.2004-ൽ ജോലിയിൽ പ്രവേശിച്ചു.

ടിയാന്റെ സീനിയോറിറ്റി സ്ഥാനം നിർണ്ണയിച്ചിട്ടുള്ളത് 1990-2002 കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ, ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ച 14.09.1998 മുതലാണ് (റാങ്ക് നം.2141), എന്നാൽ അന്തർ ജില്ലാ സ്ഥലം മാറ്റം വഴി കോട്ടയം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച 09.06.2004 മുതലുള്ള സീനിയോറിറ്റി സ്ഥാനത്തിനേ ടിയാന് അർഹതയുള്ളൂ. 1990-2002 കാലയളവിലെ സീനിയോറിറ്റി പട്ടികയിലെ 2141- ാം റാങ്ക് നമ്പർ റദ്ദാക്കി, 2003-2010 കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 1289 (ബി) റാങ്ക് നമ്പരായി താൽക്കാലികമായി പുന:നിർണ്ണയിച്ച് നോട്ടീസ് പുറപ്പെടുവിച്ചതിന്മേൽ ടിയാൾ നൽകിയ അപ്പീലിന്മേൽ നടന്ന നേർ വിചാരണയിൽ സീനിയോറിറ്റി പട്ടികയിൽ നിന്നും തരം താഴ്ത്തുന്ന നടപടി ഒഴിവാക്കണമെന്നും നിലവിൽ നൽകിയ റാങ്ക് നമ്പരിൽ തുടരാൻ അനുവദിക്കണമെന്നും ശ്രീമതി. ലതാസുകുമാരൻ ആവശ്യപ്പെട്ടുകയുണ്ടായി. നിലവിലെ ചട്ട പ്രകാരം അത്തരമൊരാവശ്യം പരിഗണിക്കുന്നതിന് നിയമം അനുവദിക്കാത്തതിനാൽ 19.09.2017 ന് പുറപ്പെടുവിച്ച നോട്ടീസിന്മേലുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനുബന്ധ പട്ടിക ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ്/-
ഡോ. സമീറ. എ
അഡീ. ആരോഗ്യ വകുപ്പ് ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്

ശ്രീമതി. ലതാ സുകുമാരൻ
നഴ്സിംഗ് ട്യൂട്ടർ
സർക്കാർ നഴ്സിംഗ് സ്കൂൾ, കോട്ടയം
(വെബ് സൈറ്റ് മുഖാന്തിരം)

പകർപ്പ്:-

1. ഇ.ഇ2 സെക്ഷൻ - അനന്തര നടപടികൾക്കായി
2. പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് സ്കൂൾ, കോട്ടയം
3. www.dhs.kerala.gov.in
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

## Annexure Order No.ES3-68612/2017/DHS/Dt: 22/11/2017

| Sl. No. | Name | Present details in the | | | | Anomaly | Reassigned/ | | | Other Rectification | Reason for correction/ Remarks |
|---|---|---|---|---|---|---|---|---|---|---|---|
| | | Date of birth | Rank No. in the S.L. of Staff Nurse Gr.II(1990-2002) | Rank No. in the S.L. of Staff Nurse Gr.II (2003-2010) | Rank No. in the S.L. Of Staff Nurse Gr.I (2008-2013) | | Staff Nurse Gr.II(1990-2002 | Rank No. in the S.L. of Staff Nurse Gr.II (2003-2010) | Rank No. in the S.L. Of Staff Nurse Gr.I (2008-2013) | | |
| 1 | Latha Sukumaran, Nursing Tutor, Govt.Nursing School, Kottayam | 01/06/1966 | 2141 | | | Her rank position is wrongly assigned in the seniority list of Staff Nurse Gr.II (1990-2002) . She entered service as per Advice No.DTA(3) 2927/90/ KPSC/TVM dt.20/7/96 and availed LWA from 5/1/97 to 13/9/98. Rejoined duty as fresh entrant on 14/9/98 .Her seniority has assigned wef 14/9/98. After that she availed inter district transfer to Kottayam Dist. on 9/6/2004 before 1st promotion. Hence her seniority is re-assignd. | | 1289(B) | | Rank No.2141 in the Sen.List of Staff Nurse Gr.II(1990-2002) is removed. Her name is newly included in the seniority list of Staff Nurse Gr.II (2003-2010) as Rank No.1289(B) | She availed inter district transfer from Trivandrum to Kottayam on 9/6/2004. Hence her seniority could be assigned only on the date of joining in the transferred district. |

Sd/-
Dr.Sameera.A
Addl. Director of Health Services (A&T)